[10 A.M.] സർ, മറ്റു ഇൻഫ്രാസ്ട്രക്ച്ചറിനാണ്. ഇപ്പോൾ സ്ട്രെസ് കൊടുക്കുന്നത്. അതിനും കുറച്ചു സാവകാശം വേണം. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം നമ്മൾ ടീച്ചേഴ്സ്-സ്റ്റുഡന്റ് റേഷ്യോ നിലവിലുള്ളതനുസരിച്ച് തന്നെ ക്ളാസ്സ് നടത്തി. ഈ വർഷം നോട്ടീസ് അയച്ചിരിക്കുന്നു. അതിനെ എതിർക്കുന്നതിനുവേണ്ടി ഈ മാസം 8,9 തീയതികളിൽ നമ്മുടെ പ്രതിനിധികൾ പോകുന്നതാണ്. പക്ഷെ മറ്റ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ നമുക്കു സൗകര്യങ്ങളുണ്ടാക്കണം. അതുണ്ടാകുകയില്ല എന്ന നിലപാട് നമ്മൾ എടുക്കാൻ പറ്റില്ല. പക്ഷെ കുറച്ചു സമയം വേണം. കേന്ദ്രഗവണ്മെന്റുമായി ബന്ധപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷവും ഈ പ്രതിസന്ധി ഉണ്ടായിരുന്നതാണ്. അപ്പോൾ ഒരു വർഷത്തേയ്ക്ക് നീട്ടി തന്നു. ഈ വർഷവും ആ നിലപാട് സ്വീകരിക്കണമെന്നു തന്നെയാണ് സംസ്ഥാനഗവണ്മെന്റിന്റെ ആവശ്യം. 1993-ൽ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാണിത്. ആ നിയമത്തെ ഇവിടെയിരുന്നു വെല്ലുവിളിച്ചിട്ടു കാര്യമില്ല. കോൺഗ്രസ് ഗവണ്മെന്റിന്റെ കാലത്തു പാസ്സാക്കിയ നിയമമാണ്. ആ നിയമം നടപ്പാക്കാൻ കേരള സംസ്ഥാനത്തിന് സാവകാശം വേണം. അതിനു സൗകര്യങ്ങൾ ഏർപ്പെടുത്തണം. രണ്ടാമതായി, ടീച്ചേഴ്സ്-സ്റ്റുഡന്റ്സ് റേഷ്യോ ഇന്നുള്ളത് അംഗീകരിക്കാൻ നിവൃത്തിയില്ല. അതാവശ്യമുള്ള കാര്യവുമല്ല. ഇത്തരമൊരു സമീപനമാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്. ഇന്നുള്ള ഈ സെന്ററുകൾ ഒന്നും തന്നെ അടച്ചുപൂട്ടാൻ ഇടയാകരുത്. തുടർന്ന് അഡ്മിഷൻ നടത്താനും കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കണമെന്നുള്ള ശക്തമായ നിലപാടാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഈ സഭയിലുള്ള ഏകദേശമെല്ലാവർക്കും ഈ കാര്യത്തിലുള്ള വികാരം സംസാരിക്കാതെ തന്നെ വ്യക്തമായിരിക്കുന്നു. സംസ്ഥാനത്താകെ ഈ കാര്യത്തിൽ വ്യക്തമായ വികാരം ഉള്ള സ്ഥിതിക്ക് കേരള സംസ്ഥാനത്തിന്റെയും സർവ്വകലാശാലകളുടെയും നേരെയുള്ള കടന്നാക്രമണം കൂടി ഇതിനകത്തുണ്ട് എന്നു തറപ്പിച്ചു പറഞ്ഞുകൊണ്ട്, സാങ്കേതിക പ്രശ്നം മാത്രമല്ല, കേരളത്തിലെ സർവ്വകലാശാലകൾ അവർക്കധികാരമുള്ള പ്രകാരം ഇതു നടത്താൻ ശ്രമിക്കുമ്പോൾ ഉള്ള സാങ്കേതികമായ പ്രശ്നം ന്യായമായി പരിഹരിക്കേണ്ടതിന് കാര്യമായ സാവകാശം നൽകികൊണ്ട് ഇപ്പോൾ അഡ്മിഷനുകൾ ആരംഭിക്കാൻ ഗവണ്മെന്റ് നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇക്കാര്യത്തിൽ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സമിതിയുടെ തീരുമാനം അതേപടി നമുക്കു തള്ളിക്കളയാൻ കഴിയുകയില്ല. എന്നാൽ ആ സമിതിയുടെ ന്യായമായ നിലപാട് ആവർത്തിച്ച് സ്വീകരിക്കുകയും ഇക്കാര്യത്തിൽ സാവകാശവും വേണം. ഈ വർഷം ഇതു നടപ്പാക്കരുതെന്നുള്ള ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യും.

IV. സബ്മിഷൻ

(1) കല്ലറ-പാങ്ങോട് മദ്യ-മാഫിയ സംഘത്തിന്റെ അക്രമം

<u>ശ്രീ. പാലോട് രവി</u> : സർ, അടിയന്തിരപ്രമേയമായി ഇതു കൊണ്ടുവരാൻ കാരണം മേയ് 9-ാം തീയതി നടന്ന സംഭവം സഭയിൽ കൊണ്ടുവരാൻ വേണ്ടിയാണ്. മേയ് 9-ാം തീയതി നടന്ന സംഭവത്തിനുശേഷം ജൂൺ മാസം 7-ാം തീയതിയും 21-ാം തീയതിയും ഒരേ സ്ഥലത്ത് നാലു തവണ ഹർത്താൽ നടന്നിരിക്കുന്നു. മുഖ്യമന്ത്രി ഇവിടെയിരുന്ന് വിളിച്ചാൽ വിളി കേൾക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലമാണ് കല്ലറ. ഡി.ജി.പി. യുടെ മൂക്കിന്റെ അറ്റത്താണ് സംഭവം നടന്നത്. അബ്കാരി മാഫിയ അധോലോക സംഘവും എക്സൈസും പോലീസും ഒത്തുകളിച്ചാൽ ഒരു പ്രദേശമാകെ എങ്ങനെ വിറപ്പിക്കാമെന്നതിന്റെ അവസാനത്തെ തെളിവാണ് കല്ലറയിൽ നടന്നിരിക്കുന്നത്. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഇതിന്റെ സത്യസ്ഥിതി അന്വേഷിക്കണമെന്നു പറയുന്നതിനാണ് ഞങ്ങൾ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. ഒരു തുള്ളി കള്ളു പോലുമില്ലാത്ത ഞങ്ങളുടെ നെടുമങ്ങാട് താലൂക്കിൽ ഇപ്പോൾ പുതിയ അബ്കാരി കോൺട്രാക്ടർമാരുടെ സംഘവും വന്നു ചേർന്നു. വാമനപുരം റെയിഞ്ച് പിടിച്ച ശേഷം അബ്കാരി സംഘത്തിന്റെ കോൺട്രാക്ടർമാരും റൗഡികളും എക്സൈസുകാരും കൂടി വ്യാജവാറ്റ് തടയുന്നതിനുവേണ്ടി ഒരു റെയിഡ് ആരംഭിച്ചു. ആ റെയിഡിനെത്തുടർന്ന് നമ്മുടെ ആ പ്രദേശമാകെ (നെടുമങ്ങാട്) ഉള്ള റൗഡികളെയും പോലീസുകാരെയും കയ്യിലെടുത്ത് ആ താലൂക്കിനെ വിലയ്ക്കു വാങ്ങാൻ കഴിവുള്ള വളരെ സ്വാധീനമുള്ള ഒരു അബ്കാരി കോൺട്രാക്ടറാണ് ആ പ്രദേശം വിലയ്ക്കെടുത്തിരിക്കുന്നത്. അയാൾ കോൺട്രാക്ട് പിടിച്ചശേഷം ആ പ്രദേശത്തുള്ള പോലീസുദ്യോഗസ്ഥൻമാർക്ക് ആവശ്യമുള്ള ജീപ്പ്, ആവശ്യമുള്ള മറ്റു വാഹനങ്ങൾ, എക്സൈസുകാർക്കാവശ്യമായ വാഹനങ്ങൾ എന്നിവ വിട്ടുകൊടുക്കുന്നു. കഴിഞ്ഞ മാസം 7-ാം തീയതി എക്സൈസുകാരും അബ്കാരി ഗുണ്ടകളും ചേർന്ന് ഒരു ജീപ്പിൽ കല്ലറ ജംഗ്ഷനിൽ നിന്നു കടന്നു പോകുമ്പോൾ ഒരാൾ കടയടച്ച ശേഷം നടന്നു പോകുകയായിരുന്നു. അയാളെ അവർ വളഞ്ഞിട്ട് പിടിച്ചു. അദ്ദേഹത്തെ പിടിച്ച ശേഷം ക്രൂരമായി മർദ്ദിച്ചു. മർദ്ദനത്തിനിരയായ അയാൾ അവിടെ വീണ് മരിച്ചു. ബാലൻ എന്നാണ് അയാളുടെ പേര്. അതുകണ്ട് നാട്ടുകാർ ഓടിവന്ന് ബഹളം കൂട്ടി. കോൺഗ്രസ്സിന്റെ മണ്ഡലം സെക്രട്ടറി ബിജുവിന്റെ നേതൃത്വത്തിൽ നൂറു കണക്കിനാളുകൾ അവിടെ വന്ന് അക്രമി സംഘത്തെ വളഞ്ഞു. എന്നിട്ട് ലോക്കൽ പോലീസ് വന്നപ്പോൾ ഗുണ്ടകൾ ഓടി രക്ഷപ്പെട്ടു. ജീപ്പ് അവിടെ നിന്ന് കടത്തിക്കൊണ്ടു പോകാൻ ശ്രമിച്ചു. അതിനുശേഷം ആർ.ഡി.ഒ. സ്ഥലത്തു വരണമെന്ന് നാട്ടുകാർ ആവശ്യപ്പെടുകയും ആർ.ഡി.ഒ. സ്ഥലത്തു വരുകയും ചെയ്തു. ആർ.ഡി.ഒ. വന്നശേഷം ഉയർന്ന പോലീസുദ്യോഗസ്ഥൻമാരടക്കമുള്ള, ഡിവൈ.എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥൻമാർ വന്ന് എക്സൈസ് നാട്ടുകാർ പിടിച്ചുകൊടുത്ത ആളുകളെ കൊണ്ടുപോയി. ഒരാളെ റോഡിലിട്ട് അടിച്ചുകൊന്നതിന് അങ്ങയുടെ പോലീസ് ഇട്ടിരിക്കുന്ന കേസ് റൂൾ 304 പാർട്ട് (2) ആണ്. റോഡിലിട്ട് അടിച്ചു കൊന്നതാണ്. 304 പാർട്ട് (2) ആയി കോടതിയിൽ കേസ് പോയി. കോടതിയിൽ ജഡ്ജി ചൂടായി.. ഇതെന്തു കേസന്വേഷണമെന്നു ജഡ്ജി ചോദിച്ചു. കൊണ്ടുപോയ എക്സൈസുകാർ കോടതിയിൽ പറഞ്ഞത്, ഞങ്ങളല്ല കൊന്നത്, ഞങ്ങളുടെ കൂടെ വന്ന ഗുണ്ടകളാണ് കൊന്നതെന്നാണ്. ജഡ്ജി അതു കേട്ട് ചൂടായശേഷം ഡി.ജി.പി. ക്ക് കത്തെഴുതാൻ തീരുമാനിച്ചു. ഉടനെ അദ്ദേഹം ഡി.ജി.പി. ക്ക് കത്തെഴുതുന്നു. അങ്ങ് ഇത് അന്വേഷിക്കണം. അടുത്ത ദിവസം നാടകീയമായി ഗുണ്ടകളെ രണ്ടുപേരെ പോലീസ് കോടതിയിൽ ഹാജരാക്കി. ഞങ്ങളുടെ മണ്ഡലം സെക്രട്ടറി ബിജു പറഞ്ഞു, 'നിങ്ങളാരെയാണ് ഹാജരാക്കിയത്, ഞങ്ങളെ ഐഡന്റിഫൈ ചെയ്യിക്കണ്ടെ, ഞങ്ങളല്ലേ സാക്ഷികൾ, ഞാനല്ലേ ഒന്നാം സാക്ഷി, നിങ്ങൾ ഐഡന്റിഫൈ ചെയ്തോ' എന്നു ചോദിച്ചു. ഐഡന്റിഫൈ ചെയ്തില്ല. കയ്യിൽ കിട്ടിയ രണ്ടു പേരെ കൊണ്ടുപോയി ഹാജരാക്കി റിമാൻഡ് ചെയ്യിപ്പിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നാം സാക്ഷിയായ മണ്ഡലം സെക്രട്ടറി ബിജുവിനോട് വന്നു പറഞ്ഞു 'കോടതി ഇക്കാര്യം ഗൗരവമായിട്ടെടുത്തിരിക്കുകയാണ്, അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് നിങ്ങൾ ഐഡന്റിഫൈ ചെയ്തുവെന്ന് സമ്മതിക്കണമെന്ന്'. ജീപ്പു പോലും കസ്റ്റഡിയിലെടുത്തില്ല. എന്തുണ്ടായി എന്നറിയാമോ? കഴിഞ്ഞ മാസം 9-ാം തീയതി ബാലനെ കൊന്ന കേസിലെ പ്രതികളെ വളഞ്ഞുവച്ച് ആർ.ഡി.ഒ. യെ വിളിച്ചുകൊണ്ടുവന്ന് ഫോട്ടോ എടുക്കാൻ നേതൃത്വം കൊടുത്ത, മാഫിയ സംഘത്തിനെതിരായി പ്രവർത്തിച്ച, മുഴുവൻ കാര്യങ്ങളും ചെയ്ത ബിജുവിന്റെ വീട്ടിൽ രാത്രി 12 മണിക്ക് പോലീസിന്റെ ഒത്താശയോടുകൂടി, ലോക്കൽ പോലീസിന്റെ ഒത്താശയോടുകൂടി വീടു കയറി അദ്ദേഹത്തെ ആക്രമിച്ചു. 17 ദിവസമായി ബിജു തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അബോധാവസ്ഥയിൽ കിടക്കുകയാണ്. എന്താണ് കേസെന്ന് അറിയാമോ? ബിജുവിനെ തല്ലിക്കൊല്ലാൻ വന്നവർ രണ്ടുമൂന്നു പെട്ടികളെടുത്ത് പുറത്തിട്ടു; എന്നിട്ട് പോലീസ് അന്വേഷിച്ചപ്പോൾ പറഞ്ഞത് കള്ളൻമാരായിരിക്കാം; മോഷണശ്രമമെന്നാണ്. മറ്റേ കേസ് 304 പാർട്ട് (2) ആണ്. ഇത് മോഷണശ്രമമാണ്. ഇത് നടന്നത് ഇവിടെ നിന്നും 20 കിലോമീറ്റർ അകലെയാണ്. മറ്റേ കേസ് കോടതി പറഞ്ഞതുകൊണ്ട് ക്രൈംബ്രാഞ്ചിനു വിട്ടു. ഇതിലെ ഒന്നാം സാക്ഷി പോലീസ് പറഞ്ഞതു കേൾക്കാത്തതുകൊണ്ട്, മാഫിയ സംഘത്തിനെതിരായി പൊരുതിയതിന്, അക്രമികൾക്കെതിരായി പൊരുതിയതിന്, അവിടെ യോഗം നടത്തിയതിന്, ആർ.ഡി.ഒ. യെ വിളിച്ചുകൊണ്ടു വന്നതിന്, അക്രമികളുടെ ഫോട്ടോ എടുത്തതിന്, കോടതിയിൽ പോയി സാക്ഷി പറഞ്ഞതിന് ബിജുവിന്റെ വീടു കയറി അടിച്ചു. മരിച്ചു കിടക്കുംപോലെയാണ് അയാൾ മെഡിക്കൽ കോളേജിൽ കിടക്കുന്നത്. കേസ് മോഷണ ശ്രമവും. അതും ഇപ്പോൾ അന്വേഷിക്കുന്നത് ആരാണ്? അബ്കാരി കോൺട്രാക്ടറുടെ ജീപ്പു കൊണ്ടു നടക്കുന്ന, അവരുടെ കാശു വാങ്ങി നടക്കുന്ന ലോക്കൽ പോലീസുകാർ തന്നെയാണ് ഇപ്പോഴും കേസന്വേഷിക്കുന്നത്. അങ്ങു ഒരു പൊതുപ്രവർത്തകനാണ്. അങ്ങേയ്ക്ക് നീതിബോധമുണ്ടെങ്കിൽ ഈ കേസ് നിഷ്പക്ഷമായി ആരെയെങ്കിലും കൊണ്ട് അന്വേഷിപ്പിച്ച് ആദ്യം അറസ്റ്റ് ചെയ്യേണ്ടത് രണ്ടു മൂന്നു പോലീസുദ്യോഗസ്ഥൻമാരെയാണ്. അങ്ങ് അതു ചെയ്യണം. ഈ സഭ കൂടിയിരിക്കുമ്പോൾ അതു ചെയ്യണം. ആദ്യം കൊന്നു. രണ്ടാമത് കൊലപാതക ശ്രമം. മൂന്നാമത് നാട്ടിലുള്ള കുറേ റൗഡികളെ കൊണ്ടുചെന്ന് ആ നാടു മുഴുവൻ അടിച്ചു തകർത്തു. തിരുവനന്തപുരം ജില്ലയിൽ, സെക്രട്ടേറിയറ്റിൽ നിന്ന് വിളിപ്പാടകലെ കഴിഞ്ഞ ഒരു മാസക്കാലമായി അബ്കാരി ഗുണ്ടകളും റൗഡികളും പോലീസിന്റെ സഹായത്തോടുകൂടി ഇത്രയും അട്ടഹാസം നടത്തിയിട്ട് ഒരു നടപടി പോലും ഉണ്ടായിട്ടില്ല. അതിനു നടപടി ഉണ്ടാകണം. അങ്ങു വിചാരിച്ചാൽ നടപടി ഉണ്ടാകും. അങ്ങു നിഷ്പക്ഷമായി ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് ഇവരെ ഓരോരുത്തരേയും അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം, ഇതിലെടുത്തിരിക്കുന്ന കേസുകൾ എല്ലാം അബ്കാരി കോൺട്രാക്ടർമാരെ സഹായിക്കാനാണ്. അതും അങ്ങും പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മൂന്ന് സംഭവങ്ങളാണ് അടിയന്തിര പ്രമേയമായി വന്നിരിക്കുന്നത്. 1999 മേയ് മാസം 8-ാം തീയതി തിരുവനന്തപുരം ജില്ലയിലെ കല്ലറ-പാങ്ങോട് ഭാഗത്ത് വ്യാജമദ്യം പിടികൂടുന്നതിനുവേണ്ടി എക്സൈസ് ഉദ്യോഗസ്ഥൻമാർ റെയ്ഡ് നടത്തിയിരുന്നു. അന്നേ ദിവസം വൈകിട്ട് 7.45 ന് റെയ്ഡ് നടക്കുന്നതിനിടയിൽ തടത്തരികത്ത് പുത്തൻവീട്ടിൽ ബാലൻ എന്നയാൾ കല്ലറ-പാങ്ങോട് പബ്ലിക് റോഡിൽ പാർവ്വതീപുരം ജംഗ്ഷനുസമീപം റെയ്ഡ് നടത്തിവരുന്ന എക്സൈസ് സംഘത്തിന്റെ മുന്നിലെത്തി. ബാലന്റെ മടിയിൽ സൂക്ഷിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ ചാരായമാണെന്നു തെറ്റിദ്ധരിച്ച് എക്സൈസ് സംഘം ബാലനെ പിടികൂടി. ബാലനെ പരിശോധിച്ചതിനുശേഷം വിട്ടയയ്ക്കപ്പെട്ടു. ബാലൻ കുഴഞ്ഞുവീണു. അടുത്തുള്ള മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും അവിടെനിന്നും കല്ലറ ഗവണ്മെന്റ് ആശുപത്രിയിലും എത്തിച്ചുവെങ്കിലും ബാലൻ മരണമടഞ്ഞു. ഈ സംഭവത്തെത്തുടർന്ന് പാങ്ങോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 63/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ആർ.ഡി.ഒ. പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മൃതശരീരം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന നടത്തി. അന്വേഷണത്തിൽ ബാലന്റെ മരണത്തിന് ഉത്തരവാദി എന്നുകണ്ട 10 എക്സൈസ് ഉദ്യോഗസ്ഥൻമാരേയും അവരുടെ സഹായികളായി പ്രവർത്തിച്ച രണ്ടുപേരെയും പോലീസ് അറസ്റ്റു ചെയ്തു. കോടതിയിൽ ഇവരെ ഹാജരാക്കി. കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിക്കുകയും ചെയ്തു. ക്രൈം ബ്രാഞ്ച് ദ്രുതഗതിയിൽ അന്വേഷണം നടത്തുകയാണ്. 7.6.1999-ൽ കല്ലറ എസ്.എസ്. ഭവനിൽ ബിജുവിനെ ആരോ തടിക്കഷണം കൊണ്ട് തലയ്ക്കടിച്ച് പരിക്കേല്പിക്കുകയും വീട്ടിൽ നിന്നും വി.സി.ആർ. ഉം രണ്ട് ബ്രീഫ് കേസുകളും മോഷ്ടിക്കുകയും ചെയ്ത സംഭവം നടന്നിട്ടുണ്ട്. ബിജു കോൺഗ്രസ് (ഐ) പ്രവർത്തകനാണ്. പാങ്ങോട് പോലീസ് സ്റ്റേഷനിൽ ക്രൈം 77/99-ാം നമ്പരായി ഇതുസംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ബാലന്റെ മരണവുമായി ബിജുവിനെ ആക്രമിച്ച സംഭവത്തിന് ബന്ധമില്ലെന്നാണ് അന്വേഷണത്തിൽനിന്നും മനസിലായത്. അന്വേഷണം ത്വരിതപ്പെടുത്താനും പ്രതികളെ പിടികൂടുന്നതിനും തിരുവനന്തപുരം റൂറൽ എസ്.പി.ക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. 21.6.1999-ൽ കല്ലറ പാർവ്വതി ആശുപത്രി ജംഗ്ഷനിൽ ഒരു ടാക്സി കാറിൽ വന്നിറങ്ങിയ ഒരു സംഘം ആളുകൾ വിജയാ എന്റർപ്രൈസസ് ഉടമ ബാബുവിനെ തിരക്കുകയും ബാബുവിനെ കണ്ടുകിട്ടാത്തതിനെ തുടർന്ന് ബാബുവിന്റെ മൂന്നു കടകൾക്കുനേരെ ആക്രമണം നടത്തുകയും ചെയ്ത സംഭവത്തെത്തുടർന്ന് പാങ്ങോട് പോലീസ് സ്റ്റേഷനിൽ ക്രൈം 87/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 5 പ്രതികളെ പോലീസ് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഇവരെ 6.7.1999 വരെ റിമാൻഡുചെയ്തിരിക്കുകയാണ്. പ്രതികൾ ഉപയോഗിച്ച കാറും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മേൽ പറഞ്ഞ മൂന്നു സംഭവങ്ങളും പരസ്പരം ബന്ധമില്ലാത്തതാണ്. പോലീസ് ശക്തമായ നടപടി ഇക്കാര്യങ്ങളിൽ എടുക്കുന്നു. സാമൂഹ്യ വിരുദ്ധൻമാർക്കും അക്രമികൾക്കുമെതിരായി നടപടി സ്വീകരിക്കുന്നതിന് പോലീസിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പുവരുത്താനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. എല്ലാ നടപടിയും സ്വീകരിക്കുകയും ചെയ്യും.

(2) യു.ജി.സി. പ്രഖ്യാപിച്ച പുതുക്കിയ ശമ്പളസ്കെയിലും ആനുകൂല്യങ്ങളും കോളേജ് അധ്യാപകർക്ക് നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.സി. ജോസഫ് : സർ, കേരളത്തിലെ അധ്യാപകർ ഇന്ന് ഒരു സമരത്തിന്റെ പാതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1.1.1996 മുതൽ യു.ജി.സി. അംഗീകരിച്ച പുതിയ ശമ്പള സ്കെയിൽ കേരളത്തിലും നടപ്പാക്കണമെന്നതാണ് അവരുടെ ആവശ്യം. ഈ കാര്യം ഞാനിവിടെ 11.2.1999 ലും ഉന്നയിച്ചതാണ്. അന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞത് ഈ വിഷയം ഗവ

LIBRARY ARCHIVES Kerala Legislative Assembly